LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികൾക്ക് 19-8-2019-ലെ സ.ഉ.(സാധാ) നമ്പർ 1005/2019/തൊഴിൽ പ്രകാരം ടി പദ്ധതിയിൽ അംഗങ്ങളായി ചേരാൻ സൗകര്യമുണ്ട്. ഈ പദ്ധതിയിലെ അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സർക്കാർ ആശുപത്രികളിലോ ബോർഡ് അംഗീകരിച്ചിട്ടുള്ള ആശുപത്രികളിലോ ഇൻ-പേഷ്യന്റായുള്ള ചികിത്സയ്ക്ക് അംഗത്വകാലയളവിനുള്ളിൽ പരമാവധി 10,000 രൂപ വരെ ചികിത്സാ സഹായമായി ലഭിക്കും. അതിനാൽ, പ്രാദേശിക പത്രപ്രവർത്തകർക്ക് കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളാകാൻ അവസരം നൽകുകയും ഈ പദ്ധതിമുഖേന പ്രാദേശിക പത്രപ്രവർത്തകർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതും പരിഗണിക്കാവുന്നതുമാണ്.

പ്രാദേശിക മാധ്യമ പ്രവർത്തകർ

87 (4811) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാദേശിക മാധ്യമപ്രവർത്തകരുടെ വിവരം സംബന്ധിച്ച് കണക്കെടുപ്പ് പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇപ്രകാരമൊരു കണക്കെടുക്കാൻ സർക്കാർ നിലവിൽ തീരുമാനിച്ചിട്ടില്ല.

(ബി) പ്രാദേശിക മാധ്യമപ്രവർത്തകർക്ക് ജില്ലാതല അക്രെഡിറ്റേഷൻ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

നിലവിൽ ആലോചിച്ചിട്ടില്ല.

(സി) പ്രാദേശിക മാധ്യമപ്രവർത്തകരുടെ വിഷയം സംബന്ധിച്ച് പഠനം നടത്തുന്നതിനായി കമ്മീഷനെ നിയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

കമ്മീഷനെ നിയോഗിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല

പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ

88 (4812) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തിരികെയെത്തിയ പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ബാങ്കുകളുമായി സഹകരിച്ച് നിലവിൽ നൽകി വരുന്ന ഇളവുകൾ എന്താണെന്നും കൂടുതൽ ഇളവുകൾ നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് തിരികെയെത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് സഹായകമായ വായ്പാപദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെൻറ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻറ്സ്(NDPREM). 30 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേയ്ക്ക് 3% പലിശ സബ്സിഡിയുമാണ് പദ്ധതി മുഖേന ലഭിക്കുക. ബാങ്കുകളുടെയും അപേക്ഷകരുടെയും ആവശ്യകതയനുസരിച്ച് പ്രായോഗികതയുള്ള ഒരു പദ്ധതി ആരംഭിക്കുന്നതിന് ഏകദേശം 30 ലക്ഷം രൂപ വരെയുള്ള പദ്ധതി ചെലവ് വരുമെന്ന് മനസ്സിലാക്കിയ സാഹചര്യത്തിൽ 2018-19 സാമ്പത്തിക വർഷം മുതൽ പദ്ധതിയുടെ മൂലധനച്ചെലവ് 30 ലക്ഷം രൂപ വരെയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ സബ്സിഡി അനുവദിക്കുന്നതിനുള്ള ലോക്ക് ഇൻ പീരിയഡ് മൂന്നു വർഷമായി കുറയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സമയബന്ധിതമായി വായ്പ ലഭ്യമാക്കുന്നതിനും കൂടുതൽ ബാങ്കുകളെ സഹകരിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

സംരംഭകർക്കാവശ്യമായ അടിസ്ഥാനപരിശീലനവും പദ്ധതി രേഖകൾ തയ്യാറാക്കാനും വായ്പലഭ്യത ഉറപ്പാക്കാനുമുള്ള സഹായം സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) വഴി ലഭ്യമാക്കുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി മേഖലാടിസ്ഥാനത്തിൽ സംരംഭകത്വ പരിശീലനം, ബോധവത്കരണം, സെമിനാറുകൾ, ബാങ്കിലേയ്ക്കാവശ്യമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കൽ എന്നിവ നോർക്ക റൂട്ട്സ്, സി.എം.ഡി. മുഖാന്തരം എല്ലാ ജില്ലകളിലും നടത്തിവരുന്നുണ്ട്. പ്രവാസി പുനരധിവാസ പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി നിലവിൽ 16 ധനകാര്യസ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും ഏകദേശം 5642 ശാഖകളിലായി വായ്പാലഭ്യത വിപുലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസത്തിനും തൊഴിൽ സംരംഭങ്ങൾക്കുമായി കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

ഉണ്ട്. നോർക്ക പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതി (പ്രവാസി-ഭദ്രത). കോവിഡ്-19 മഹാമാരിയെത്തുടർന്ന് ലോകവ്യാപകമായി സൃഷ്ടിച്ച പ്രതിസന്ധി, പ്രവാസി കേരളീയരുടെ തൊഴിലിനെയും തൊഴിൽ സാദ്ധ്യതകളെയും ബാധിക്കുകയും നിരവധി പ്രവാസി കേരളീയർക്ക് തൊഴിൽ നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ തിരിച്ചെത്തിയവരെയും വിദേശങ്ങളിൽ തൊഴിൽചെയ്ത് മടങ്ങിയെത്തുന്നവരെയും പുനരധിവസിപ്പിക്കുന്നതിനും അവരുടെ നിലനിൽപ്പിനാവശ്യമായ തൊഴിൽ സംരംഭ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും 2021-22

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റിൽ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വിവിധ പൊതുമേഖലാ ബാങ്കുകൾ, മറ്റ് ധനകാര്യസ്ഥാപനങ്ങൾ, കുടുംബശ്രീ മിഷൻ, കെ.എസ്.ഐ.ഡി.സി. എന്നിവ വഴി പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതിയായ പ്രവാസി ഭദ്രതയുടെ കീഴിൽ താഴെപ്പറയുന്ന പദ്ധതികൾ ഈ സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്യുന്നു.

1. നാനോ എന്റർപ്രൈസ് അസിസ്റ്റന്റ്സ് സ്കീം - കുടുംബശ്രീ മിഷൻ മുഖേന നടപ്പിലാക്കുന്ന പലിശരഹിത വായ്പാ പദ്ധതിയാണ് നാനോ എന്റർപ്രൈസ് അസിസ്റ്റൻറ്സ് സ്കീം. രണ്ട് ലക്ഷം രൂപ വരെയുള്ള വായ്പകൾ ഇതിലൂടെ ലഭിക്കുന്നു.

2. മൈക്രോ എന്റർപ്രൈസ് അസിസ്റ്റന്റ്സ് സ്കീം-ഷെഡ്യൂൾ ബാങ്കുകൾ, മറ്റ് ധനകാര്യസ്ഥാപനങ്ങൾ എന്നിവ വഴി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ 5 ലക്ഷം രൂപ വരെയുള്ള സംരംഭകത്വ വായ്പകൾക്ക് ഒരു ലക്ഷം രൂപ വരെ മൂലധന സബ്സിഡിയും നിശ്ചിത ശതമാനം പലിശ സബ്സിഡിയും ഇതിലൂടെ നൽകുന്നു.

3. മെഗാ എന്റർപ്രൈസ് അസിസ്റ്റന്റ്സ് സ്കീം (കെ.എസ്.ഐ.ഡി.സി. മുഖേന) - 25 ലക്ഷം മുതൽ 2 കോടി രൂപ വരെയുള്ള സംരംഭങ്ങൾക്ക് നിശ്ചിത ശതമാനം പലിശ സബ്സിഡി ഇതിലൂടെ നൽകുന്നു.

പ്രവാസികൾക്ക് നൽകുന്ന സഹായങ്ങൾ

89 (4813) <u>ശ്രീ. തോമസ് കെ. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികൾക്ക് ഈ സർക്കാർ നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

പ്രവാസി ക്ഷേമത്തിനായി നോർക്ക റൂട്ട്സ് മുഖേന നടപ്പിലാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ താഴെ വിശദമാക്കുന്നു :

1. <u>സാന്ത്വന പദ്ധതി</u>

പ്രവാസജീവിതം കഴിഞ്ഞ് നാട്ടിൽ മടങ്ങിയെത്തിയവരിൽ സാമൂഹികവും സാമ്പത്തികവുമായി പിന്നാക്കം നിൽക്കുന്നവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും അടിയന്തര ഘട്ടങ്ങളിൽ സർക്കാരിന്റെ പിന്തുണ ഉറപ്പുവരുത്തുന്നതിനായി നടപ്പിലാക്കിയിട്ടുള്ള ധനസഹായ പദ്ധതി.